പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1280 06/02/2020-ൽ മറുപടിക്ക്

## <u>പരീക്ഷാ മേൽനോട്ടം ജോലിയുടെ ഭാഗമാക്കുന്ന ഉത്തരവ്</u>

| **<u>ചോദ്യം</u>** | **<u>ഉത്തരം</u>** |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല: | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) പി.എസ്.സി. പരീക്ഷാ മേൽനോട്ടം അധ്യാപകരുടെ ജോലിയുടെ ഭാഗമാക്കുന്ന സർക്കാർ ഉത്തരവ് കേന്ദ്ര വിദ്യാഭ്യാസ അവകാശനിയമത്തിന് വിരുദ്ധമാണെന്നും ഇതിനെ നിയമപരമായി നേരിടുമെന്നുമുള്ള അധ്യാപക സംഘടനകളുടെ പ്രതികരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| (ബി) സെൻസസ് ജോലി, തെരഞ്ഞെടുപ്പ് ജോലി, പ്രകൃതിക്ഷോഭത്തെ തുടർന്നുള്ള അടിയന്തര ജോലികൾ എന്നിവ മാത്രമേ അധ്യാപകർക്കുള്ള മറ്റു ജോലികളായി വ്യവസ്ഥ ചെയ്തിട്ടുള്ളൂ എന്ന സംഘടനകളുടെ അഭിപ്രായം പരിശോധിക്കുക ഉണ്ടായോ; | (ബി) യും (സി) യും സംഘടനകളുടെ നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചുകാണുന്നില്ല. ആയതിനാൽ മറ്റു വിഷയങ്ങൾ ഇതുസംബന്ധമായി ഇപ്പോൾ പരിശോധിക്കേണ്ടതായിട്ടില്ല. |
| (സി) എങ്കിൽ സർക്കാർ ഉത്തരവിന്റെയും അദ്ധ്യാപക സംഘടനകളുടെ എതിർപ്പിന്റെയും സാഹചര്യത്തിൽ ഇക്കാര്യം സംഘടനകളുമായി ചർച്ച ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | |

സെക്ഷൻ ഓഫീസർ